(ജി) ഈ പദ്ധതിക്കാവശ്യമായ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായോ ;

(എച്ച്) അത് സ്ഥലമെടുപ്പ് നിയമത്തിലെ വ്യവസ്ഥ അനുസരിച്ചാണോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കാരാപ്പുഴ ജലസേചന പദ്ധതിയുടെ പണിയാരംഭിച്ചിട്ട് 26 വർഷമായി.

(ബി) 2004 ഡിസംബറിൽ ഭാഗീകമായും 2005 ഡിസംബറിൽ പൂർണ്ണമായും കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) ഈ പദ്ധതിക്കുവേണ്ടി ഇനി പട്ടികവർഗ്ഗക്കാരെ ഒഴിപ്പിക്കേണ്ടി വരില്ല. ഒഴിപ്പിക്കപ്പെട്ടവരെ പുനരധിവസിപ്പിക്കുവാനുള്ള പരിപാടിക്ക് രൂപം നൽകിയിട്ടുണ്ട്.

(ഡി) ഒഴിപ്പിക്കപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 70 സെന്റ് സ്ഥലവും വീടും നൽകി പുനരധിവസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനുള്ള വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. നൽകേണ്ട സ്ഥലത്തിന്റെ സർവേ ജോലികൾ പുരോഗമിച്ചുവരുന്നു.

(ഇ) ഈ പദ്ധതി കമ്മീഷൻ ചെയ്യുന്നതോടുകൂടി പദ്ധതിപ്രദേശത്തും കനാൽ കടന്നുപോകുന്ന സ്ഥലങ്ങളിലുമുള്ള കിണറുകളിൽ സമൃദ്ധമായി ജലം ലഭിക്കുമെന്നാണ് പ്രതീക്ഷ.

(എഫ്) ഈ പദ്ധതി 2005 ഡിസംബറിൽ പൂർണ്ണായി കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ട് നടപടി എടുത്തുവരുന്നു.

(ജി) ഈ പദ്ധതിയുടെ ബ്രാഞ്ചുകനാലിനും ഡിസ്ട്രിബ്യൂട്ടറി കനാലിനുമുള്ള സ്ഥലമെടുപ്പ് പൂർത്തിയാക്കാനുണ്ട്.

(എച്ച്) അതെ.

മണ്ണാർക്കാട്-കുന്തിപ്പുഴ ജലസേചന പദ്ധതി

51 (2329) ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട്-കുന്തിപ്പുഴ ജലസേചന പദ്ധതി കൈതച്ചിറക്ക് മുകളിൽ നടപ്പാക്കി കുമരംപുത്തൂർ, മണ്ണാർക്കാട് പഞ്ചായത്തുകളിലെ ജലക്ഷാമം പരിഹരിക്കാനും നെൽകൃഷി മെച്ചപ്പെടുത്താനും നടപടി സ്വീകരിക്കുമോ ;

(ബി) എങ്കിൽ ഇതു എന്നത്തേക്ക് നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മണ്ണാർക്കാട്-കുന്തിപ്പുഴ ജലസേചന പദ്ധതിയെക്കുറിച്ച് വിശദമായ പഠനം ആവശ്യമാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ നെൽകൃഷിക്കാർക്ക് ജലസേചനം ഏർപ്പെടുത്തുന്നതിനുള്ള നടപടി

52 (2330) ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ കുമരംപുത്തൂരിലെ മൈലാംപാടത്ത്, തിരിതോട്, അരിയൂർതോട്ടിൽ ലയിപ്പിച്ച് കുമരംപുത്തൂർ കോട്ടോപ്പാടം പഞ്ചായത്തുകളിലെ നെൽകൃഷിക്കാർക്ക് ജലസേചന സൗകര്യം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇല്ലെങ്കിൽ ഇതിനെക്കുറിച്ച് പഠനം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

മലങ്കര പദ്ധതി

53 (2331) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊടുപുഴ നിയോജകമണ്ഡലത്തിലെ 'മലങ്കര തെക്കുംഭാഗം' റോഡ് ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് എന്നാണ് ടെണ്ടർ ചെയ്തത് ;

(ബി) ആരാണ് കരാർ ഏറ്റെടുത്തിരുന്നത് ;

(സി) പണിപൂർത്തിയാക്കാൻ കഴിയാതെ വന്നതിനെക്കുറിച്ച് നല്കിയ പരാതിയെ തുടർന്ന് 'റിസ്ക് ആന്റ് കോസ്റ്റ്'-ൽ വർക്ക് ടെർമിനേറ്റ് ചെയ്യാൻ മന്ത്രിതലത്തിൽ തീരുമാനം എടുത്തിട്ടും ഇതേവരെ റോഡ് പണിയാരംഭിക്കാൻ കഴിയാത്തതിനെക്കുറിച്ച് വിശദീകരണം നല്കുമോ ;

(ഡി) പണി എന്ന് തീർക്കാൻ കഴിയും ;

LIBRARY ARCHIVES Kerala Legislative Assembly